**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3894** **03-03-2023 - ൽ മറുപടിയ്ക്ക്**

**മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ടുള്ള സുരക്ഷാക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2023 ഫെബ്രുവരി 20ന് മുഖ്യമന്ത്രി കാസർഗോഡ് ജില്ലയിൽ നടത്തിയ സന്ദർശനത്തിന്റെ സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി മറ്റ ജില്ലകളിൽ നിന്നും എത്ര പോലീസുകാരെ വിന്യസിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) | രാജ്യത്ത് ഔദ്യോഗിക സുരക്ഷ നിശ്ചയിച്ചിട്ടുള്ള എല്ലാ വ്യക്തികൾക്കുമുള്ള സുരക്ഷ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻ കരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. മുഖ്യമന്ത്രിക്ക് ഇസെഡ് പ്ലസ് സുരക്ഷയാണ് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച മറ്റ വിശദാംശങ്ങൾ വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല. |
| (ബി) | പ്രസ്തുത ദിവസത്തെ സുരക്ഷാ ചുമതലകൾക്കായി ആകെ എത്ര പോലീസുകാരെ നിയോഗിച്ചിരുന്നുവെന്നും എത്ര ഡി.വൈ.എസ്.പി. മാർക്ക് ചുമതല നൽകിയിരുന്നുവെന്നും വ്യക്തമാക്കുമോ; സുരക്ഷാസംവിധാനത്തിന്റെ നിയന്ത്രണം ഉണ്ടായിരുന്ന ഉദ്യോഗസ്ഥൻ ആരാണെന്ന് അറിയിക്കുമോ; | (ബി) | എ പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് എത്ര പേരെ കരുതൽ തടങ്കലിലാക്കിയെന്നും ഏത നിയമപ്രകാരമാണ് കരുതൽ തടങ്കൽ നടപ്പാക്കിയതെന്നും കരുതൽ തടങ്കലിൽ ആക്കിയവരുടെ പേരുവിവരങ്ങളും വ്യക്തമാക്കുമോ? | (സി) | മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ആരെയും കരുതൽ തടങ്കലിലാക്കിയിട്ടില്ല. ഔദ്യോഗിക വാഹന വ്യൂഹത്തിലേക്ക് അതിക്രമിച്ച കയറുന്ന സാഹചര്യം ഒഴിവാക്കാനും സമരക്കാരുടെ സുരക്ഷയെ കരുതിയും മുൻകരുതൽ എന്ന നിലയിൽ ആവശ്യമായ സ്ഥലങ്ങളിൽ സിആർപിസി വകുപ്പ് 151 പ്രകാരമുള്ള കരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ